"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഏറ്റെടുത്ത എസ്.ആർ. മെഡിക്കൽ കോളേജിന്റെ കെട്ടിടത്തിന് നഷ്ടപരിഹാര തുക അനുവദിയ്ക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.815/2024/DMD തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:- തിരുവനന്തപുരം ജില്ലാകളക്ടറുടെ 27/05/2024 ലെ ഡിഡിഎം എ-01/2020/എച്ച്1 നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഏറ്റെടുത്ത എസ്.ആർ. മെഡിക്കൽ കോളേജിന്റെ കെട്ടിടത്തിന് നഷ്ടപരിഹാര തുക അനുവദിയ്ക്കുന്നതിന് എസ്.ആർ. എജ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ഫയൽ ചെയ്ത WP(C) 6653/2023 നമ്പർ കേസിൽ വിധിയായിട്ടുള്ളതും, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനിയർ ഹാജരാക്കിയിട്ടുള്ള റെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 10/08/23 ന് പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജൂനിയർ അഡ്മിനിട്രേറ്റീവ് മെഡിക്കൽ ഓഫീസർ, ജില്ലാ ലോ ഓഫീസർ, എൻ.എച്ച്.എം പ്രതിനിധി, ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വർക്കല താലൂക്കിലെ ജൂനിയർ സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ റെന്റ് കമ്മിറ്റി ചേർന്നിട്ടുള്ളതും IQC ആയി പ്രവർത്തിച്ചിട്ടുള്ള CP 12/2/UA/2016, CP 12/73C എന്നീ നമ്പർ കെട്ടിടങ്ങൾക്കും CFLTC ആയി പ്രവർത്തിച്ചിട്ടുള്ള CP 12/2/UA/2016 നം CSLTC ആയി പ്രവർത്തിച്ചിട്ടുള്ള CP 12/2/UA/2016 നമ്പർ കെട്ടിടങ്ങൾക്കും വാടക ഇനത്തിൽ 1,06,19,881 രൂപ കണക്കാക്കി കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ളതുമാണെന്നും ടി തുക അനുവദിക്കുന്നതിനായി 2245 -02 -101- 94-01-F other items" എന്ന ശീർഷകത്തിൽ നിന്ന് 1,06,19,881 രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഏറ്റെടുത്ത എസ്.ആർ. മെഡിക്കൽ കോളേജിന്റെ കെട്ടിടത്തിന് നഷ്ടപരിഹാര തുക അനുവദിയ്ക്കുന്നതിന് 1,06,19,881/- രൂപ( ഒരു കോടി ആറു ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റിഎൺപത്തി ഒന്ന്) 2245 -02 -101- 94-01-F other items" എന്ന ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക

വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**

**Date: 25-10-2024 10:44:34**

സെക്ഷൻ ഓഫീസർ